വെറ്ററിനറി പോളി ക്ലിനിക്ക്

233 (1611) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വെറ്ററിനറി പോളി ക്ലിനിക് ഇല്ലാത്തതിനാൽ കാഞ്ഞങ്ങാട്ടുള്ള മൃഗാശുപത്രിയെ വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) വെറ്ററിനറി പോളി ക്ലിനിക്കായി എന്ന് കാഞ്ഞങ്ങാട് മൃഗാശുപത്രിയെ മാറ്റുമെന്ന് പറയാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഏഴ് മൃഗാശുപത്രികൾ വെറ്ററിനറി പോളി ക്ലിനിക്കുകളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിൽ കാഞ്ഞങ്ങാട് വെറ്ററിനറി ഹോസ്പിറ്റലും ഉൾപ്പെട്ടിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പ് പുനഃസംഘടന

234 (1612) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലുള്ള പുനഃസംഘടനയാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത വകുപ്പിലെ ഏതെങ്കിലും തസ്തികകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം; എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പ് പുനഃസംഘടിപ്പിക്കുവാൻ തീരുമാനമായിട്ടില്ല. എന്നാൽ മൃഗസംരക്ഷണ വകുപ്പ് ബ്ലോക്ക് അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കണമെന്ന ആവശ്യം വിവിധ സർവ്വീസ് സംഘടനകളിൽനിന്നും ഉണ്ടായതിനെത്തുടർന്ന് സർക്കാർ ടി ആവശ്യം പരിശോധിക്കുകയും സർവ്വീസ് സംഘടനാ ഭാരവാഹികളുമായി ചർച്ച നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

1436/2018.

LIBRARY ARCHIVES Kerala Legislative Assembly